REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** **03-07-2026** **സമയം** **12.30 PM**

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജസ്ഥാനും ഗുജറാത്തും സന്ദർശിക്കും.**
- **ലഹരിക്കെതിരെ സംസ്ഥാനത്ത് നടപ്പാക്കിയ ഓപ്പറേഷൻ തൂഫാൻ പദ്ധതി, വൻ വിജയമെന്ന് മന്ത്രി രമേശ് ചെന്നിത്തല.**
- **സംസ്ഥാനത്തെ പ്ലസ് വൺ മെറിറ്റ് വിഭാഗത്തിലെ പ്രവേശന നടപടികൾ നാളെ അവസാനിക്കും.**
- **ഇന്ന് അന്താരാഷ്ട്ര പ്ലാസ്റ്റിക് ബാഗ് രഹിത ദിനം.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ സ്വിറ്റ്സർലാൻഡും, പോർച്ചുഗലും, സ്പെയിനും പ്രീ ക്വാർട്ടറിൽ**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജസ്ഥാനും ഗുജറാത്തും സന്ദർശിക്കും. രാജസ്ഥാനിലെ ബലോത്രയിൽ 1.06 ലക്ഷം കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. പെട്രോകെമിക്കൽസ്, നഗര ഗതാഗതം, റെയിൽവെ, റോഡുകൾ, പുനരുപയോഗ ഊർജ്ജം, വൈദ്യുതി എന്നീ മേഖലകൾ ഉൾപ്പെടെയാണ് പദ്ധതികൾ. പച്പദ്രയിലെ ആദ്യ ഗ്രീൻഫീൽഡ് സംയോജിത റിഫൈനറി കം പെട്രോകെമിക്കൽ കോംപ്ലക്സ്, പ്രധാനമന്ത്രി നാടിന് സമർപ്പിക്കും. 79,450 കോടിയിലധികം മുതൽമുടക്കി നിർമ്മിച്ച അത്യാധുനിക സമുച്ചയവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ജെയ്പൂർ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് നരേന്ദ്രമോദി തറക്കല്ലിടും. കൂടാതെ ജോധ്പൂർ വിമാനത്താവളത്തിന്റെ ടെർമിനലും പ്രധാനമന്ത്രി നാടിന് സമർപ്പിക്കും.

✪✪✪

സുസ്ഥിരവും, പ്രതിരോധശേഷിയാർന്നതുമായ അടുത്ത ഘട്ട വളർച്ചയ്ക്ക് ഇന്ത്യ-ഫ്രാൻസ് തന്ത്രപരമായ പങ്കാളിത്തം  നിർണായക പങ്കുവഹിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. പാരിസിൽ പ്രമുഖ വ്യവസായ സ്ഥാപനങ്ങളുടെയും പ്രതിനിധികളുടെയും പങ്കാളിത്തത്തോടെ നടന്ന, ഇന്ത്യ ഫ്രാൻസ് ബിസിനസ് റൗണ്ട് ടേബിൾ യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യയുടെ പ്രയാണത്തിൽ പങ്കാളികളാകാൻ, ഫ്രഞ്ച് വ്യവസായ പ്രമുഖരെയും നിക്ഷേപകരെയും ധനമന്ത്രി ക്ഷണിച്ചു. ഇരു രാജ്യങ്ങളുടെയും പരസ്പര അഭിവൃദ്ധിക്കായി തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും അവർ പറഞ്ഞു.

ആഗോള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇക്കോസിസ്റ്റം രൂപപ്പെടുത്തുന്നതിൽ, ഇന്ത്യയും ഫ്രാൻസും വിശ്വസ്ത പങ്കാളികളാണെന്നും ഡിജിറ്റൽ അടിസ്ഥാന സൗകര്യം, അടുത്ത തലമുറ സാങ്കേതിക വിദ്യകൾ എന്നിവയിൽ സഹകരണത്തിന് ഇത് പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും കേന്ദ്ര ധനമന്ത്രി പറഞ്ഞു.

✪✪✪

കേന്ദ്ര യുവജനകാര്യവകുപ്പ് ന്യൂഡൽഹിയിൽ മൈ ഭാരത് ഇൻഡസ്ട്രിയൽ അസോസിയേഷൻ കോൺക്ലേവ് സംഘടിപ്പിച്ചു. അസോചം, ഫിക്കി, CAIT, CII എന്നിവയുൾപ്പെടെ പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ കോൺക്ലേവിൽ പങ്കെടുത്തു. വ്യവസായ പങ്കാളികൾക്ക് മൈ ഭാരത് ആവാസ വ്യവസ്ഥയെ പരിചയപ്പെടുത്തുകയും, വ്യവസായ അസോസിയേഷനുകൾ, കോർപറേറ്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയെ സംരംഭത്തിൽ പങ്കാളികളാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

നാവികൻ രാഗേഷ് ചൗഹാന്റെ മൃതദേഹത്തിൽ നിന്ന് അവയവങ്ങൾ നീക്കം ചെയ്ത സംഭവം, സമഗ്രമായി അന്വേഷിക്കണമെന്ന് ഇന്ത്യ വെനിസ്വേലൻ അധികൃതരോട് ആവശ്യപ്പെട്ടു. സംഭവം പുറത്തുവന്നതു മുതൽ കാരക്കാസിലെ ഇന്ത്യൻ എംബസി അന്വേഷണം നടത്തിവരികയാണെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ലഹരിക്കെതിരെ സംസ്ഥാനത്ത് നടപ്പാക്കിയ ഓപ്പറേഷൻ തൂഫാൻ പദ്ധതി വൻ വിജയമെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. അമ്മമാരാണ് ഈ പദ്ധതിക്ക് ഏറ്റവുമധികം പിന്തുണ നല്കിയതെന്നും ലഹരി വിൽപ്പനക്കെതിരെ മൃദു സമീപനം ഇല്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി പെരുമ്പാവൂരിൽ ഉച്ചകഴിഞ്ഞ് ലഹരി വിരുദ്ധ റാലിയും പൊതു സമ്മേളനവും സംഘടിപ്പിക്കും. മന്ത്രി രമേശ് ചെന്നിത്തല റാലിയ്ക്ക് നേതൃത്വം നൽകും.

✪✪✪

കേരള പോലീസ് നടപ്പാക്കുന്ന 'ഓപ്പറേഷൻ തൂഫാൻ: ദി നാർകോ ഹണ്ട്' പദ്ധതിയുടെ ഭാഗമായി 30 കോടിയുടെ നിരോധിത ലഹരി വസ്തുക്കൾ പിടിച്ചെടുത്തു. സംസ്ഥാനമൊട്ടാകെ പോലീസ് നടത്തിയ പരിശോധനകളിൽ 5,353 കേസുകൾ രജിസ്റ്റർ ചെയ്യുകയും 5,736 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

✪✪✪

സംസ്ഥാനത്തെ പ്ലസ് വൺ മെറിറ്റ് വിഭാഗത്തിലെ പ്രവേശന നടപടികൾ നാളെ അവസാനിക്കും. ഏകജാലക സംവിധാനത്തിലൂടെ മെറിറ്റ് അടിസ്ഥാനത്തിൽ അലോട്ട്മെന്റ് ലഭിച്ചവർ നാളെ വൈകീട്ട് നാലിന് മുൻപ് ഫീസ് അടച്ചു പ്രവേശനം പൂർത്തിയാക്കണം. അലോട്ട്മെന്റ് ലഭിച്ചിട്ടും പ്രവേശനം നേടാത്ത വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റുകളിൽ പരിഗണന ലഭിക്കില്ലെന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. താൽക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഉയർന്ന ഓപ്ഷൻ നിലനിർത്താൻ അവസരവും ഇനി ലഭിക്കില്ല.

✪✪✪

വിഴിഞ്ഞം തുറമുഖത്തിന്റെ ഓഹരിവിൽപ്പനയെക്കുറിച്ച് മുഖ്യമന്ത്രി തന്നെ പ്രതികരിച്ചിട്ടുണ്ടെന്നും കൂടുതൽ കാര്യങ്ങൾ വിശദാംശങ്ങൾ വന്നശേഷം പറയാമെന്നും മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. എല്ലാത്തിലും വിവാദങ്ങൾ മാത്രം കാണുന്ന സമീപനം മാധ്യമങ്ങൾ തിരുത്തണമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

വിഴിഞ്ഞം തുറമുഖം ഒരു കുത്തക തുറമുഖമാകുന്നതിനോട് താല്പര്യമില്ലെന്ന് ശശി തരൂർ

MP പറഞ്ഞു. MSC ക്ക് മാത്രമല്ല, എല്ലാ കപ്പലുകൾക്കും എത്താൻ പറ്റുന്ന തുറമുഖമാണ് സംസ്ഥാന ഗവൺമെന്റ് വിഭാവനം ചെയ്തതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഇന്ന് അന്താരാഷ്ട്ര പ്ലാസ്റ്റിക് ബാഗ് രഹിത ദിനം. ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ബാഗുകൾ പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും, തുണി, പേപ്പർ ബാഗുകൾ എന്നിവ ഉപയോഗിക്കുന്നതിലൂടെ പരിസ്ഥിതി സൗഹൃദ ബദലുകൾ പ്രോത്സാഹിപ്പിക്കുകയുമാണ് ദിനാചരണലക്ഷ്യം. "ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളിൽ നിന്ന് മോചനം: സുസ്ഥിരമായ ഭാവിയിലേക്ക്" എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര പ്ലാസ്റ്റിക് ബാഗ് രഹിത ദിനാചരണ സന്ദേശം.

✪✪✪

വയനാട് നല്ലൂർനാട് അംബേദ്കർ മെമ്മോറിയൽ ജില്ലാ കാൻസർ സെന്ററിൽ നിർമിക്കുന്ന മോഡൽ കാൻസർ കെയർ സെന്റർ കെട്ടിട നിർമാണം, ഉച്ച കഴിഞ്ഞ് മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മീനാക്ഷി രാമൻ അദ്ധ്യക്ഷയാവും.

✪✪✪

പെരിയാർ ടൈഗർ റിസർവിൽ കാട്ടാനയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സതീഷ് രാജിനെ മന്ത്രി ഷിബു ബേബിജോൺ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ സന്ദർശിച്ചു. തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിൽ കഴിയുന്ന സതീഷ് രാജിന്റെ ആരോഗ്യനിലയെക്കുറിച്ച് അദ്ദേഹം ഡോക്ടർമാരുമായി സംസാരിച്ചു.

✪✪✪

അന്തരിച്ച മുതിർന്ന മാധ്യമപ്രവർത്തകനും, കോഴിക്കോട് ആകാശവാണിയിൽ ദീർഘകാലം കാഷ്വൽ ന്യൂസ് റീഡറുമായിരുന്ന VK രഘുനാഥിന്റെ സംസ്കാരം ഉച്ചകഴിഞ്ഞ് വയനാട് തൃശ്ശിലേരി ശാന്തി കവാടത്തിൽ നടത്തും. ഹൃദയാഘാതത്തെ തുടർന്ന് ഇന്നലെ രാത്രിയായിരുന്നു 69 വയസ്സായിരുന്ന രഘുനാഥിന്റെ അന്ത്യം.

ജനയുഗം പത്രം, മലനാട് ചാനൽ, വയനാട് വിഷൻ എന്നിവയിൽ പ്രവർത്തിച്ചിട്ടുണ്ട്. ട്രൂസെൻസ് എന്ന വാർത്താധിഷ്ഠിത പരിപാടിക്ക് മൂന്ന്

സംസ്ഥാന പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 'മായുന്ന സിന്ദൂരം' എന്ന ഓർമ്മകളുടെ പുസ്തകം കഴിഞ്ഞ വർഷമാണ് പ്രസിദ്ധീകരിച്ചത്.

✪✪✪

കാപ്പാക്കേസിൽ പൂജപ്പുര സെൻട്രൽ ജയിലിൽ കഴിയുന്ന തിരുവനന്തപുരം കോർപ്പറേഷനിലെ BJP കൗൺസിലർ സുഗതന്റെ ജാമ്യാപേക്ഷയിൽ, നെടുമങ്ങാട് ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഇന്ന് വിധി പറയും. പൊലീസിനെ ആക്രമിച്ചെന്ന കേസിൽ ഇന്നലെ വാദം പൂർത്തിയായിരുന്നു.

വിയ്യൂർ സെൻട്രൽ ജയിലിലായിരുന്ന സുഗതനെ ബുധനാഴ്ചയാണ് നെടുമങ്ങാട് കോടതിയിൽ ഹാജരാക്കി തെളിവെടുപ്പിനായി പൊലീസ് കസ്റ്റഡിയിൽ വിട്ടത്.

✪✪✪

കണ്ണൂർ മഹാത്മാ മന്ദിരത്തിലെ കുടുംബശ്രീ CDS ന്റെ ചക്ക വിഭവ വിപണന മേള ശ്രദ്ധേയമാകുന്നു. രുചികരമായ വിഭവങ്ങൾ ഒരുക്കയാണ് മേള.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

....(വോയ്സ്)........

✪✪✪

വാങ്കോവറിൽ ഫിഫ ലോകകപ്പ് ഫുട്ബോൾ ഗ്രൂപ്പ് 32 പോരാട്ടത്തിൽ സ്വിറ്റ്സർലാൻഡ്, എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് അൾജീരിയയെ പരാജയപ്പെടുത്തി.

നേരത്തെ ടൊറന്റോയിൽ ക്രൊയേഷ്യയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തകർത്ത് പോർച്ചുഗൽ പ്രി ക്വാർട്ടറിൽ ഇടം നേടി.

കാലിഫോർണിയ-യിൽ ഓസ്ട്രിയയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തകർത്ത് സ്പെയിനും പ്രി ക്വാർട്ടറിൽ പ്രവേശിച്ചു.

ഇന്ന് രാത്രി 11.30ന് ആർലിംഗ്ടണിൽ ഓസ്ട്രേലിയ ഈജിപ്തിനെ നേരിടും.

പ്രി ക്വാർട്ടറിൽ തിങ്കളാഴ്ച ഇംഗ്ലണ്ട് സഹആതിഥേയരായ മെക്സിക്കോയെ നേരിടും. ചൊവ്വാഴ്ച US ബെൽജിയവുമായി ഏറ്റുമുട്ടും.

✪✪✪

ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ്, ശ്രീലങ്കയ്ക്കെതിരായ ഇന്ത്യയുടെ രണ്ട് മത്സരങ്ങളടങ്ങുന്ന ടെസ്റ്റ് പരമ്പരയുടെ ഷെഡ്യൂൾ പ്രഖ്യാപിച്ചു. അടുത്ത മാസം 15 മുതൽ 27 വരെയാണ് മത്സരം. ആദ്യ ടെസ്റ്റ് അടുത്ത മാസം 15

മുതൽ ശ്രീലങ്കയിലെ ഗാലെ ഇന്റർനാഷണൽ സ്റ്റേഡിയത്തിലും, രണ്ടാം ടെസ്റ്റ് 23 മുതൽ കൊളംബോയിലെ സിംഹളീസ് സ്പോർട്സ് ക്ലബ്ബിലുമാണ്. ICC വേൾഡ് ടെസ്റ്റ് ചാമ്പ്യൻഷിപ്പ് 2025-27 ന്റെ ഭാഗമാണ് പരമ്പര.

✪✪✪

ലണ്ടനിലെ കെന്നിംഗ്ടൺ ഓവലിൽ ICC വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ, ഇംഗ്ലണ്ട് ഫൈനലിലെത്തി. രണ്ടാം സെമിഫൈനലിൽ ആതിഥേയരായ ദക്ഷിണാഫ്രിക്കയെ 40 റൺസിന് പരാജയപ്പെടുത്തിയാണ് ഇംഗ്ലണ്ട്, ഫൈനലിൽ പ്രവേശിച്ചത്. ഞായറാഴ്ച ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിലാണ് ഇംഗ്ലണ്ട് - ഓസ്ട്രേലിയ ഫൈനൽ മത്സരം.

✪✪✪

പത്തനംതിട്ട ജില്ലയിൽ ഷിഗല്ല രോഗബാധ സ്ഥിരീകരിച്ചു. ആറന്മുള എഴിക്കാട് ഉന്നതിയിലെ 10 വയസുകാരിക്കാണ് രോഗബാധബാധ സ്ഥിരീകരിച്ചത്. കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ചികിത്സയിലായിരുന്ന കുട്ടി രോഗം ഭേദമായി വീട്ടിലേയ്ക്ക് തിരിച്ചുപോയതിനു ശേഷമാണ് രോഗ ബാധ സ്ഥിരീകരിച്ചത്. ആരോഗ്യവകുപ്പ് തുടർ നടപടികൾ ആരംഭിച്ചു.

✪✪✪

മൺസൂൺ കാലത്ത് ഭക്ഷ്യ സ്ഥാപനങ്ങൾ പ്രത്യേക ജാഗ്രത പാലിക്കണമെന്നും, ഭക്ഷ്യസുരക്ഷയും ശുചിത്വവും ഉറപ്പാക്കാൻ പ്രത്യേക മുൻകരുതലുകൾ സ്വീകരിക്കണമെന്നും ഭക്ഷ്യസുരക്ഷാ വകുപ്പ് നിർദേശിച്ചു. ഭക്ഷ്യവസ്തുക്കൾ വേഗത്തിൽ കേടാകാനും, ബാക്ടീരിയ, ഫംഗസ് തുടങ്ങിയ സൂക്ഷ്മാണുക്കൾ വളരാനും സാധ്യത കൂടുതലായതിനാൽ പാചകത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കണമെന്നും വകുപ്പ് ആവശ്യപ്പെട്ടു.

നിയമലംഘനങ്ങൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഫുഡ് സേഫ്റ്റി അസി. കമ്മീഷണർ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെട്ടതിനെ തുടർന്ന് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യത.

ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

✪✪✪

സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് ഈ അധ്യയന വർഷത്തെ പ്രവേശന നടപടികൾ ആരംഭിച്ചു. യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് ഈ മാസം ആറിന് വൈകീട്ട് നാലുവരെ ഓൺലൈനിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാം.

✪✪✪

പൊതുവിദ്യാഭ്യാസ വകുപ്പ് സാക്ഷരതാ മിഷൻ മുഖേന നടത്തുന്ന ഹയർസെക്കൻഡറി തുല്യതാ പരീക്ഷ ജൂലൈ 10ന് ആരംഭിക്കും. കോഴിക്കോട് ജില്ലയിൽ 10 പരീക്ഷാ കേന്ദ്രങ്ങളിലായി 1,182 പേരാണ് പരീക്ഷ എഴുതുന്നത്.

ഹ്യുമാനിറ്റീസ്, കോമേഴ്സ് വിഷയങ്ങളിലായി രാവിലെ 9.30 മുതൽ ഉച്ചക്ക് 12.15 വരെയാണ് പരീക്ഷ.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: ഫർദിസ് AV, സയ്യിദ് അലി ശിഹാബ്,*
*DEO : ഷീബ*